# റസൂലിനെ സ്നേഹിക്കുക

>> സി.എം റഫീഖ് കോക്കൂർ

عَنْ عَبْدُ اللهِ بْنُ هِشَام قَالَ: كُنَّا مَعَ النَّبِي ﷺ: وَهُوَ آخِذٌ بِيَدِ عُمَر بْنَ الْخَطَّاب رَضِي اللَّهُ عَنهُ ، فَقَالَ لَهُ عُمَر يَا رَسُولَ الله: لَأَنْتَ أَحَب إِلَيَّ مِن كُلِّ شَيْئٍ إِلاَّ مِنْ نَفْسِي، فَقَالَ النَّبِيُّ ﷺ: لاَ وَالّذِي نَفْسِي بِيَدِهِ حَتَّى أَكُونَ أَحَبَّ إِلَيْكَ مِنْ نَفْسِكَ، فَقَالَ لَهُ عُمَر : فَإِنَّهُ الآنَ، وَاللهِ لَأَنْتَ أَحَبَّ إِلَيَّ مِن نَفْسِي ، فَقَالَ النَّبِيُّ ﷺ: الآنَ يَا عُمَر

**അബ്ദുല്ലാഹിബ്നു ഹിശാം(റ)നിവേദനം ചെയ്യുന്നു. ഞങ്ങൾ തിരുമേനി യോടൊപ്പമായിരുന്നു. അപ്പോൾ തിരുമേനി(സ) ഉമറി(റ)ന്റെ കൈപിടിച്ചിട്ടുണ്ട്. ഉമർ(റ) പറഞ്ഞു: "ദൈവദൂതരേ, എന്റെ സ്വന്തം ജീവനൊഴിച്ച് മറ്റെല്ലാറ്റിനേ ക്കാളും എനിക്ക് പ്രിയപ്പെട്ട മഹാനാണ് താങ്കൾ." തിരുമേനി(സ) അരുളി: "ഇല്ല, എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നവനാണ സത്യം, നിങ്ങളുടെ സ്വന്തം ജീവ നേക്കാൾ എന്നോട് നിങ്ങൾക്ക് സ്നേഹമുണ്ടാകും വരെ നിങ്ങളുടെ നിലപാട് ശരിയാവുകയില്ല." ഉമർ(റ) പറഞ്ഞു: "ഇപ്പോഴാണ് ഞാൻ യാഥാർഥ്യം ഗ്രഹിച്ച ത്. അല്ലാഹുവാണ, അവിടുന്ന് എന്റെ സ്വന്തം ജീവനേക്കാളും എനിക്കിഷ്ടപ്പെട്ട മഹാൻ തന്നെയാണ്." തിരുമേനി(സ) അരുളി: "ഉമർ, ഇപ്പോൾ നിങ്ങളുടെ നില പാട് ശരിയായി"** (ബുഖാരി).

**ഇസ്ലാമിക** സമൂഹം പ്രവാചകനെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പി ക്കുന്ന പ്രവാചക വചനമാണിത്.

പ്രവാചക ശിഷ്യന്മാരിൽ അബൂബ ക്കർ(റ) കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനത്ത് വരുന്ന പ്രമുഖ സ്വഹാബിവര്യനാണ് ഉമറുൽ ഫാറൂഖ്(റ). നീതിമാനായ ഭരണാധികാരി എന്ന നിലക്ക് ചരിത്രത്തിൽ ഖ്യാതി നേടിയ വ്യക്തി കൂടിയാണദ്ദേഹം. 'ഫാറൂഖ്' എന്ന അപരനാമം റസൂൽ(സ) അദ്ദേഹത്തിന് നൽകിയത്, സത്യാസത്യങ്ങൾ വിവേചിച്ച് സത്യത്തെ പ്രകാശിപ്പിക്കുന്നതിൽ അദ്ദേഹ ത്തിനുണ്ടായിരുന്ന അനിതരസാധാരണമായ കഴിവിനെ കണക്കിലെടുത്ത് കൊണ്ടാണ്.

അങ്ങനെയുള്ള അദ്ദേഹത്തിന് പോലും ഉണ്ടായിരുന്ന ഒരു ധാരണാപിശക് തിരുത്തുകയാണ് ഈ ഹദീസിലൂടെ.

അത്യുൽകൃഷ്ടമായ വികാരങ്ങളി ലൊന്നാണ് സ്നേഹം. വേണ്ടിടത്ത്, വേണ്ട അളവിൽ പ്രയോഗിക്കുകയാണെങ്കിൽ അത്ഭുതകരമായ ഫലമുളവാക്കാൻ ശേഷി യുണ്ടിതിന്. 'സ്നേഹമാണഖില സാരമൂഴി യിൽ' എന്ന് കവി പാടാനുള്ള കാരണവും മറ്റൊന്നല്ല.

ജീവിതത്തിൽ മനുഷ്യൻ സ്നേഹി ക്കുന്ന പലതുമുണ്ട്. അവയോടുള്ള സ്നേഹം മനുഷ്യ സഹജമാണ്. അഥവാ പ്രകൃത്യാ അല്ലാഹു മനുഷ്യനിൽ നിക്ഷേപി ച്ചിട്ടുള്ളതാണ്.

സ്നേഹത്തിന്റെ രൂപത്തിലും ഭാവ ത്തിലും വൈവിധ്യമുണ്ടാകും; ഉണ്ടാകണം. മാതാപിതാക്കളെ സ്നേഹിക്കുന്നതും, മക്കളെ സ്നേഹിക്കുന്നതും ഒരുപോലെയാ കില്ല. മക്കളെ സ്നേഹിക്കുന്നത് പോലെയാ കില്ല, ഭാര്യാ-ഭർത്താക്കന്മാർക്കിടയിലെ സ്നേഹം.

പരമമായ സ്നേഹം ആരോടായിരി ക്കണം? പരിശുദ്ധ ഖുർആൻ ഇതിന് നൽകുന്ന മറുപടി അല്ലാഹുവോട് എന്നാണ്. വിശ്വാസികളുടെ ഏറ്റവും പരമമായ സ്നേഹം അല്ലാഹുവിനോടായിരിക്കും(അൽ ബഖറ: 165).

അല്ലാഹുവിനെ കഴിഞ്ഞാൽ വിശ്വാ സികൾ ഏറ്റവുമധികം സ്നേഹിക്കേണ്ടത് റസൂലി(സ)നെ ആയിരിക്കണം. ഇക്കാര്യ ത്തിൽ യാതൊരു വിട്ട് വീഴ്ചയുമില്ല. ഇതി നിടയിൽ മറ്റെന്തിനോടെങ്കിലുമുള്ള സ്നേഹം- അത് സ്വന്തത്തോടുള്ളതായി രുന്നാൽ പോലും- കടന്ന് കൂടിയാൽ ഈമാൻ(വിശ്വാസം) ശരിയാവുകയില്ല.

ഇതേ ആശയം മറ്റൊരിക്കൽ പ്രവാചകൻ(സ) വിശദീകരിച്ചത് ഇങ്ങ നെയാണ്. റസൂൽ(സ) പറഞ്ഞു: "തന്റെ ധനത്തെക്കാളും കുടുംബത്തെക്കാളും മുഴുവൻ മനുഷ്യരെക്കാളും ഞാൻ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടവനാകു വോളം നിങ്ങളിലൊരാളും വിശ്വാസിയാ വുകയില്ല"(ബുഖാരി).

സ്നേഹം, സമർപ്പണം ആവശ്യ പ്പെടുന്നു. സ്നേഹിക്കപ്പെടുന്നതിന് വേണ്ടി സമർപ്പിക്കാൻ തയാറില്ലാത്ത വന്റെ സ്നേഹം വ്യർഥമാണ്. റസൂലി(സ)നെ അനുസരിച്ചു കൊണ്ടാണ് സ്നേഹം പ്രകടിപ്പിക്കേണ്ടത്. ആ ജീവിതചര്യ (സുന്നത്ത്) സമ്പൂർണാ ർഥത്തിൽ പിന്തുടരുമ്പോൾ മാത്രമാണ് ഒരാൾ പ്രവാചകനെ സ്നേഹിക്കുന്നത്. അല്ലാഹുവിനെ സ്നേഹിക്കേണ്ടത് പോലും പ്രവാചകന്റെ ജീവിതചര്യയെ പിന്തുടർന്ന് കൊണ്ടായിരിക്കണമെ ന്നാണ് ഖുർആൻ പറയുന്നത്: "നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. അല്ലാഹു നിങ്ങളെ സ്നേഹിക്കും." (ആലു ഇംറാൻ: 31).

സ്വന്തത്തിന്റെയോ കുടുംബത്തി ന്റേയോ മറ്റാരുടെ തന്നെയോ താൽപര്യ ങ്ങൾക്ക് വിരുദ്ധമാണെങ്കിലും പ്രവാച കനെ അനുസരിക്കാൻ കഴിയണം. അപ്പോൾ മാത്രമാണ് ഈമാനിന്റെ മാധുര്യം അനുഭവിക്കാൻ കഴിയുക.

അനസി(റ)ൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "മൂന്ന് കാര്യങ്ങൾ ഏതൊരുവനിലുണ്ടോ അവൻ വിശ്വാസ ത്തിന്റെ മാധുര്യം അനുഭവിച്ചു. അതി ലൊന്നാമത്തേത്, മറ്റെല്ലാറ്റിനേക്കാളേറെ അല്ലാഹുവിനെയും അവന്റെ ദൂതനെയും സ്നേഹിക്കുക എന്നതാണ്."

പ്രവാചക സ്നേഹം ബാഹ്യമാത്ര മായി ചുരുങ്ങിപ്പോകുന്ന ദുരന്തകാഴ്ച നാം കാണേണ്ടി വരുന്നു. അപദാന ങ്ങൾക്കും പ്രകീർത്തനങ്ങൾക്കുമപ്പുറം സമ്പൂർണാർഥത്തിൽ പിന്തുടരപ്പെടേണ്ട ജീവിത മാതൃകയായി പ്രവാചകനെ അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുമ്പോൾ മാത്രമേ നാം പ്രവാചകനെ സ്നേഹിക്കുന്നവരാകൂ. ■